# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.281 — 28.01.2019 - ൽ മറുപടിക്ക്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ജെ.എച്ച്.ഐ) മാരുടെ നിയമനവും സ്ഥാനക്കയറ്റവും എത്രകാലമായി നടക്കുന്നില്ലായെന്ന് വ്യക്തമാക്കാമോ; | എ) | ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി തർക്കത്തെ തുടർന്ന് പ്രസ്തുത സീനിയോറിറ്റി പട്ടിക ദീർഘനാളായി കോടതിയുടെ പരിഗണനയിലായിരുന്നു. ആയതിനാൽ പ്രൊമോഷൻ തടസ്സപ്പെട്ടിരുന്നു. എന്നാൽ സ.ഉ(സാധാ) നം.2797/2018/ആ.കു.വ തീയതി, 12.09.2018 ന്റെ അടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 കാർക്ക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഒഴിവുണ്ടായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനത്തിനും സ്ഥാനക്കയറ്റത്തിനും നിലവിൽ തടസ്സമില്ല.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 04.07.2018 തീയതിയിലെ ഉത്തരവ് പ്രകാരം രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ജീവനക്കാർക്ക് ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം നൽകിയതുകൊണ്ട് ഉണ്ടായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | സംസ്ഥാനതല പ്രമോഷൻ തസ്തികയായ ജെ.എച്ച്.ഐ ഗ്രേഡ്-I ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ | ബി) | ആരോഗ്യ വകുപ്പിൽ 15.12.2018 ലെ ഇ.ജി2-40/2016/ആവഡ ഉത്തരവ് പ്രകാരം 213 ജെ.എച്ച്.ഐ ഗ്രേഡ് 2-മാർക്കും 25.01.2019 ലെ ഉത്തരവ് പ്രകാരം 23 ജെ.എച്ച്.ഐ ഗ്രേഡ് 2 മാർക്കും ഗ്രേഡ് 1 ആയി |

| | | | |
|---|---|---|---|
| | എവിടെയെല്ലാമാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | | പ്രൊമോഷൻ അനുവദിച്ചു. ജെ.എച്ച്.ഐ ഗ്രേഡ് 1 ന്റെ 110 ഒഴിവുകളാണ് നിലവിലുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു. ഗ്രേഡ് 1 തസ്തികയിൽ നിലനിൽക്കുന്ന ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ജില്ല — ഒഴിവുകളുടെ എണ്ണം<br>തിരുവനന്തപുരം — 8<br>കൊല്ലം — 2<br>പത്തനംതിട്ട — 2<br>ആലപ്പുഴ — 1<br>കോട്ടയം — 7<br>ഇടുക്കി — 26<br>എറണാകുളം — 4<br>തൃശ്ശൂർ — 15<br>പാലക്കാട് — 13<br>മലപ്പുറം — 0<br>കോഴിക്കോട് — 3<br>വയനാട് — 14<br>കണ്ണൂർ — 0<br>കാസർഗോഡ് — 15<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ജെ.എച്ച്.ഐ ഗ്രേഡ് 1 ന്റെ ഓരൊഴിവാണ് നിലവിലുള്ളത്. |
| സി) | ഏത് ഗ്രേഡിലെ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയാണ് ഈ ഒഴിവുകൾ നികത്തേണ്ടതെന്ന് വ്യക്തമാക്കാമോ; | സി) | ജെ.എച്ച്.ഐ ഗ്രേഡ് 2 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയാണ് ഈ ഒഴിവുകൾ നികത്തുന്നത്. |
| ഡി) | ജെ.എച്ച്.ഐ ഗ്രേഡ്-2 ൽ നിന്ന് ഗ്രേഡ്-1 ലേക്ക് അവസാനമായി സ്ഥാനക്കയറ്റം നൽകിയത് എപ്പോഴാണെന്ന് അറിയിക്കാമോ; | ഡി) | ആരോഗ്യ വകുപ്പിൽ 15.12.2018 ലെ ഇ.ജി2-40/2016/ആവഡ ഉത്തരവ് പ്രകാരം 213 ജെ.എച്ച്.ഐ ഗ്രേഡ് 2-കാർക്കും 25.01.2019 ലെ ഉത്തരവ് പ്രകാരം 23 ജെ.എച്ച്.ഐ ഗ്രേഡ് 2-കാർക്കും ഗ്രേഡ് 1 ആയി പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 04.07.2018 തീയതിയിലെ ഉത്തരവ് പ്രകാരവും പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | ഇതിനുള്ള മുൻഗണനാപ്പട്ടിക തയ്യാറായിട്ടുണ്ടോയെന്നും ഈ പട്ടികയിൽ നിന്ന് സ്ഥാനക്കയറ്റം നൽകുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോയെന്നും വിശദമാക്കാമോ; | ഇ) | ആരോഗ്യ വകുപ്പിൽ ജെ.എച്ച്.ഐ ഗ്രേഡ് 2 ൽ നിന്നും ഗ്രേഡ് 1 ലേക്ക് പ്രൊമോഷൻ അനുവദിക്കുന്നതിന് സീനിയോറിറ്റി പട്ടിക നിലവിലുണ്ട്. പ്രസ്തുത പ്രൊമോഷൻ അനുവദിക്കുന്നതിന് നിയമപരമായി തടസ്സമില്ല.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള ഗ്രേഡ്-2 ജീവനക്കാരാരും തന്നെ നിലവിലില്ലാത്തതിനാലാണ് പ്രൊമോഷൻ നൽകാൻ കഴിയാത്തത്. |
| എഫ്) | സ്ഥാനക്കയറ്റം നടന്നാൽ എത്ര ഗ്രേഡ്-2 ഒഴിവുകൾ സൃഷ്ടിക്കപ്പെടുമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | എഫ്) | ആരോഗ്യ വകുപ്പിൽ 15.12.2018 ലെ ഇ.ജി2-40/2016/ആവഡ ഉത്തരവ് പ്രകാരം 213 ജെ.എച്ച്.ഐ ഗ്രേഡ് 2-മാർക്കും 25.01.2019 ലെ ഉത്തരവ് പ്രകാരം 23 ജെ.എച്ച്.ഐ ഗ്രേഡ് 2 മാർക്കും ഗ്രേഡ് 1 ആയി പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം.3546/2018/ആ.ക.വ തീയതി, 02.12.2018 പ്രകാരം ജെ.എച്ച്.ഐ ഗ്രേഡ് 2 തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ പകുതി എണ്ണം ഗ്രേഡ് II കൂടുതൽ നിലനിൽക്കുന്ന ജില്ലകളിൽ ഗ്രേഡ് 1, ഗ്രേഡ് 2 അനുപാതം ക്രമീകരിക്കുന്നതിനും, പകുതി എണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം ഉണ്ടായിട്ടുള്ള ഒഴിവുകൾ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്ഥാനക്കയറ്റം മുഖാന്തിരം ഇനി ഒരൊഴിവാണ് ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്നത്. |

Milan

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | സ്ഥാനക്കയറ്റം ലഭിച്ചവരുടെ എണ്ണം | അനുപാത തുല്യത വരുത്തുന്നതിന് ഉപയോഗിക്കേണ്ട എണ്ണം | പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ | IDT-യ്ക്ക് നീക്കി വയ്ക്കേണ്ട ഒഴിവുകൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 11 | 0 | 10 | 1 |
| 2 | കൊല്ലം | 8 | 4 | 4 | 0 |
| 3 | ആലപ്പുഴ | 1 | 0 | 1 | 0 |
| 4 | പത്തനംതിട്ട | 5 | 2 | 3 | 0 |
| 5 | കോട്ടയം | 0 | 0 | 0 | 0 |
| 6 | എറണാകുളം | 5 | 2 | 3 | 0 |
| 7 | ഇടുക്കി | 25 | 8 | 16 | 1 |
| 8 | തൃശ്ശൂർ | 33 | 16 | 16 | 1 |
| 9 | പാലക്കാട് | 12 | 0 | 11 | 1 |
| 10 | മലപ്പുറം | 14 | 0 | 13 | 1 |
| 11 | കോഴിക്കോട് | 6 | 3 | 3 | 0 |
| 12 | വയനാട് | 34 | 12 | 20 | 2 |
| 13 | കണ്ണൂർ | 53 | 0 | 48 | 5 |
| 14 | കാസർഗോഡ് | 26 | 6 | 18 | 2 |

Milan

സെക്ഷൻ ഓഫീസർ